**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 906** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . ഉബൈദുള്ള | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | വിവിധ ജില്ലകളിൽ പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് വകുപ്പ് ഡയറക്ടർ ക്രോഡീകരിച്ച ശിപാർശകൾ സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; വിശദാംശം നല്കുമോ; | (എ) | ഉണ്ട്. 27/01/2022-ലെ SCDD/12293/2021-A1 (ESTT A) നമ്പർ കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശ പരിശോധിച്ചു വരുന്നു. |
| (ബി) | എങ്കിൽ എന്നാണ് റിപ്പോർട്ട് സമർപ്പിച്ചത്; ഇക്കാര്യത്തിൽ സ്വീകരിച്ച തുടർനടപടികൾ വിശദീകരിക്കാമോ; | (ബി) | ഉണ്ട്. 27/01/2022-ലെ SCDD/12293/2021-A1 (ESTT A) നമ്പർ കത്ത് പ്രകാരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ സമർപ്പിച്ച ശുപാർശ പരിശോധിച്ചു വരുന്നു. |
| (സി) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിവിധ പ്രോജക്ടുകളുടെ നിർവഹണത്തിന് നിർവഹണദ്യോഗസ്ഥർ ഇല്ലാത്തതുമൂലമുള്ള പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | എങ്കിൽ മലപ്പുറം നഗരസഭയിൽ ഉൾപ്പെടെ മലപ്പുറം ജില്ലയിലെ പത്ത് നഗരസഭകളിൽ കൂടി പട്ടികജാതി വികസന ഓഫീസർമാരുടെ തസ്തികകൾ സൃഷ്ടിക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ? | (ഡി) | പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ